"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

വ്യവസായ വകുപ്പ് - മൈനിംഗ് & ജിയോളജി — 2015 ലെ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങൾ പ്രകാരം ശ്രീമതി.സുമതി അമ്മ.കെ, ഉണ്ടിയടുക്ക വീട്ടിൽ, കണ്ണൂർ.പി.ഒ, കാസർഗോഡ് സമർപ്പിച്ച അപ്പീൽ പെറ്റീഷൻ തീർപ്പാക്കി ഉത്തരവാകുന്നു.

---

**വ്യവസായ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.358/2025/ID തീയതി,തിരുവനന്തപുരം, 26-03-2025

---

പരാമർശം:-

1. കാസർഗോഡ് ജില്ലാ ജിയോളജിസ്റ്റിന്റെ 12.07.2022 തീയതിയിലെ ഡികെ 1771/എം/2020 നമ്പർ നോട്ടീസ്.
2. ശ്രീമതി.സുമതി അമ്മ.കെ, ഉണ്ടിയടുക്ക വീട്ടിൽ, കണ്ണൂർ.പി.ഒ, കാസർഗോഡ് 25.08.2022 തീയതിയിൽ സമർപ്പിച്ച അപ്പീൽ പെറ്റീഷൻ.
3. മൈനിംഗ് & ജിയോളജി വകുപ്പ് ഡയറക്ടറുടെ 01.08.2023 തീയതിയിലെ ഡിഎംജി/2038/2023-എം5 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

കാസർഗോഡ് ജില്ലയിൽ മഞ്ചേശ്വരം താലൂക്കിലെ കണ്ണൂർ വില്ലേജിൽ സർവ്വെ നമ്പർ 169/3 PT ൽപ്പെട്ടതും ശ്രീമതി.സുമതി അമ്മ.കെ,ഉണ്ടിയടുക്ക വീട്ടിൽ, കണ്ണൂർ.പി.ഒ, കാസർഗോഡ് എന്ന വ്യക്തിയുടെ കൈവശത്തിലുള്ളതുമായ സ്ഥലത്തു നിന്നും അനധികൃതമായി ചെങ്കല്ല് ഖനനം ചെയ്തിട്ടുണ്ടെന്ന് ഇടനാട് വില്ലേജ് ഓഫീസർ അറിയിച്ചതിനെ തുടർന്ന് ഈ വിഷയത്തിൽ എന്തെങ്കിലും ആക്ഷേപം ഉണ്ടെങ്കിൽ ആയത് ബോധിപ്പിക്കുന്നതിനായി 26.07.2021, 12.11.2021 തീയതികളിൽ നോട്ടീസ്, രജിസ്റ്റേർഡ് നോട്ടീസ് എന്നിവ അയച്ചതിന് നാളിതുവരെയായി ടിയാൻ ജില്ലാ ആഫീസിൽ ഹാജരാവുകയോ മറുപടി സമർപ്പിക്കുകയോ ചെയ്തിട്ടില്ലാത്തതിനാൽ സ്ഥല പരിശോധനയിൽ അനധികൃതമായി നീക്കം ചെയ്തതായി കണ്ടെത്തിയ 20941 ക്യൂബിക് മീറ്റർ ചെങ്കല്ലിൽ, ഖനനത്തിനിടെ പാഴായിപ്പോയ കല്ലിന്റെ അളവ് കുറച്ച് ബാക്കി 14658.7 ക്യൂബിക് മീറ്ററിന് 60/- രൂപ നിരക്കിൽ 8,79,522/- രൂപ റോയൽറ്റിയും വിലയായി 17,59,044/- രൂപയും പിഴയായി 10000,/- രൂപയും കൂടി ആകെ 26,48,566/- (ഇരുപത്തിയാറ് ലക്ഷത്തി നാല്പത്തിയെട്ടായിരത്തി അഞ്ഞൂറ്റി അറുപത്തിയാറ് രൂപ മാത്രം) സർക്കാരിലേക്ക് ഒടുക്കുന്നതിന് ആവശ്യപ്പെട്ട് കാസർഗോഡ് ജില്ലാ ജിയോളജിസ്റ്റ് 12.07.2022 ൽ ലഭ്യമാക്കിയ പരാമർശം (1) നോട്ടീസിനെതിരെ ശ്രീമതി.സുമതി അമ്മ.കെ, ഉണ്ടിയടുക്ക വീട്ടിൽ, കണ്ണൂർ.പി.ഒ, കാസർഗോഡ് 25/08/2022 ൽ സർക്കാരിൽ ഒരു അപ്പീൽ ഹർജി സമർപ്പിക്കുകയുണ്ടായി. 2. അപ്പീൽ ഹർജിയുമായി ബന്ധപ്പെട്ട് 22/08/2023-ന് നടത്തിയ ഹിയറിംഗിൽ അപ്പീൽ കക്ഷിക്ക് വേണ്ടി ഹാജരായ അഡ്വക്കേറ്റിനെയും, കാസറഗോഡ് ജിയോളജിസ്റ്റിനെയും, മൈനിംഗ് & ജിയോളജി ഡയറക്ടറേറ്റിലെ ജിയോളജിസ്റ്റിനെയും അപ്പീൽ അധികാരിയായ വ്യവസായ വകുപ്പ് ജോയിന്റ് സെക്രട്ടറി നേരിൽ കേട്ടു.

3. അപ്പീൽ കക്ഷി തന്റെ ഉടമസ്ഥതയിലുള്ള വസ്തു ലെവൽ ചെയ്ത് ചുറ്റമതിൽ കെട്ടുന്നതിനു വേണ്ടിയാണ് ചെങ്കല്ല് ഖനനം നടത്തിയതെന്നും അല്ലാതെ അനധികൃതമായി ഖനനം നടത്തിയിട്ടില്ലെന്നും അതിനാൽ ഡിമാന്റ് നോട്ടീസ് പ്രകാരമുള്ള തുക ഒടുക്കുന്നതിൽ നിന്നും ഒഴിവാക്കണമെന്നും ഹിയറിംഗ് വേളയിൽ ഹർജിക്കാരിക്ക് വേണ്ടി ഹാജരായ അഡ്വക്കേറ്റ് ആവശ്യപ്പെട്ടു.

4. അപ്പീൽഹർജി സംബന്ധിച്ച് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ റിപ്പോർട്ട് ചെയ്ത വിവരങ്ങൾ ചുവടെ ചേർക്കുന്നു:

കാസർഗോഡ് ജില്ലയിൽ മഞ്ചേശ്വരം താലൂക്കിൽ കണ്ണൂർ വില്ലേജിൽ റീ സർവ്വെ 169/3 പാർട്ടിൽപ്പെട്ടതും ശ്രീമതി. സുമതി അമ്മ. കെ W/o Krishnaphat (late) എന്നവരുടെ കൈവശത്തിലുള്ളതുമായ സ്ഥലത്ത് നിന്ന് അനധികൃതമായി ചെങ്കല്ല് ഖനനം ചെയ്തതായും തുടർ നടപടി സ്വീകരിക്കുന്നതിലേയ്ക്ക് എടനാട് ഗ്രൂപ്പ് വില്ലേജ് ഓഫീസറുടെ കത്തും സ്കെച്ചും ഉൾപ്പെടെ 19/04/2021 തീയതിയിൽ ജില്ലാ ജിയോളജി ഓഫീസിലേയ്ക്ക് അയച്ചുതന്നതനുസരിച്ച് തുടർനടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായി 26/7/2021 തീയതിയിൽ സ്ഥലമുടമയായ ശ്രീമതി. സുമതി അമ്മയ്ക്ക് നോട്ടീസ് നൽകി. ടിയാളുടെ മറുപടി ലഭ്യമാകാത്ത സാഹചര്യത്തിൽ പ്രസ്തുത സ്ഥലം 31/5/2022 തീയതിയിൽ സ്ഥല പരിശോധന നടത്തിയതിൽ വില്ലേജ് ഓഫീസറുടെ റിപ്പോർട്ട് പ്രകാരമുള്ള ഒരു ഏക്കർ 15 സെന്റ് സ്ഥലത്തിൽ നിന്നും ശരാശരി 4.5 മീറ്റർ ആഴത്തിൽ ആകെ 20941 ക്യൂബിക് മീറ്റർ ചെങ്കല്ല് ഖനനം ചെയ്തതായി ബോധ്യപ്പെട്ടു. സ്ഥല പരിശോധനയുടെ അടിസ്ഥാ നത്തിൽ 12/11/2021 തീയതിയിൽ ടിയാൾക്ക് മേൽ വിഷയത്തെ സംബന്ധിച്ച് രജിസ്റ്റേർഡ് നോട്ടീസ് നൽകിയിട്ടുണ്ട്. ടി നോട്ടീസിന് മറുപടി ഒന്നും ലഭ്യമാകാത്ത സാഹചര്യത്തിൽ 12/07/2022 തീയതിയിൽ പ്രസ്തുത സ്ഥലത്ത് നിന്നും അനധികൃതമായി ഖനനം ചെയ്ത 20941 ക്യൂബിക് മീറ്റർ ചെങ്കല്ലിൽ പാഴായിപോയ ചെങ്കല്ലിന്റെ അളവ് കുറച്ച് ബാക്കി വരുന്ന 14658.7 ക്യൂബിക് മീറ്റർ ചെങ്കല്ലിന് റോയൽറ്റി ഇനത്തിൽ 60/- രൂപ നിരക്കിൽ 8,79,522/- രൂപയും വില ഇനത്തിൽ റോയൽറ്റിയുടെ രണ്ട് മടങ്ങ് പ്രകാരം 17,59,044/- രൂപയും പിഴ ഇനത്തിൽ 10000/- രൂപയും ഉൾപ്പെടെ ആകെ 26,48,566/- രൂപ ഒടുക്കുന്നതിലേയ്ക്ക് രജിസ്റ്റേർഡ് ഡിമാന്റ് നോട്ടീസ്, കൈപ്പറ്റ് രസീത് സഹിതം നൽകിയിട്ടുള്ളതുമാണ്. മേൽ തുക ടിയാൾ ഒടുക്കാത്ത സാഹചര്യത്തിൽ 21/12/2021 തീയതിയിൽ റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കുന്നതിന്റെ ഭാഗമായി ജില്ലാ ജിയോളജിസ്റ്റ് റവന്യൂ റിക്കവറി നടപടി ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതുമാണ്.

മേൽ സാഹചര്യത്തിൽ ശ്രീമതി. സുമതി അമ്മ. കെ, ഉണ്ടിയടുക്ക വീട്ടിൽ, കണ്ണൂർ പി. ഒ, കാസർഗോഡ് ജില്ല എന്നവർ സമർപ്പിച്ച അപ്പീൽ നിരസിച്ച് പരാതിക്ക് ആസ്പദമായ സ്ഥലത്ത് അനധികൃത ചെങ്കല്ല് ഖനനത്തിന് റോയൽറ്റി, വില, പിഴ, എന്നിവ സർക്കാരിലേയ്ക്ക് ഈടാക്കുന്നതിനായി സ്വീകരിച്ച റവന്യൂ റിക്കവറി നടപടികൾ തുടരുന്നതിന് ഉത്തരവുണ്ടാകേണ്ടതാണ്.

4. അപ്പീൽ അധികാരി ഈ വിഷയം അപ്പീൽ കക്ഷിയുടെ വാദത്തിന്റെയും ഉദ്യോഗസ്ഥരുടെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. അപ്പീൽ കക്ഷി വ്യക്തിപരമായ ആവശ്യത്തിനായി ഭൂമി നിരപ്പാക്കുന്നതിനു വേണ്ടി തന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് നിന്ന് ചെങ്കല്ല് ഖനനം നടത്തിയെന്നാണ് വാദം. 2015 ലെ കെ.എം.എം.സി ചട്ട പ്രകാരം ഏത് ആവശ്യത്തിനാണെങ്കിലും ചെങ്കല്ല് ഖനനം ചെയ്യണമെങ്കിൽ റോയൽറ്റി ഒടുക്കി മൈനിംഗ് & ജിയോളജി വകുപ്പിന്റെ അനുമതി നേടിയിരിക്കണം. ഇവിടെ അപ്പീൽ കക്ഷി അനുമതി നേടാതെ ചെങ്കല്ല് ഖനനം നടത്തുകയും

അതു ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് സ്ഥല പരിശോധനയിൽ ബോധ്യപ്പെട്ടുകയും ചെയ്തിട്ടുള്ളതിനാൽ KMMC Rule 108 (2) പ്രകാരം ജില്ലാ ജിയോളജിസ്റ്റ് നൽകിയ പരാമർശം (1) പ്രകാരമുള്ള ഡിമാന്റ് നോട്ടീസ് ക്രമ പ്രകാരമുള്ളതായി കാണുന്നു. അതിനാൽ ഈ നോട്ടീസിന്റെ അടിസ്ഥാനത്തിലുള്ള റവന്യൂ റിക്കവറി നോട്ടീസ് പ്രകാരമുള്ള തുക എത്രയും വേഗം ഒടുക്കുവാൻ അപ്പീൽകക്ഷിക്ക് നിർദ്ദേശം നൽകിക്കൊണ്ടും ടി തുക ഈടാക്കുവാനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കുവാൻ കാസറഗോഡ് ജില്ലാ ജിയോളജിസ്റ്റിന് നിർദ്ദേശം നൽകി കൊണ്ടും ശ്രീമതി.സുമതി അമ്മ പരാമർശം (2) പ്രകാരം സമർപ്പിച്ച അപ്പീൽ ഹർജി തീർപ്പാക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബി അജിത
അഡിഷണൽ സെക്രട്ടറി
& അപ്പീൽ അധികാരി

ശ്രീമതി.സുമതി അമ്മ.കെ, W/o കൃഷ്ണഭട്ട് (ലേറ്റ്), ഉണ്ടിയടുക്ക വീട്ടിൽ, കണ്ണൂർ.പി.ഒ, കാസർഗോഡ്.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് / എ & ഇ), തിരുവനന്തപുരം.

ഡയറക്ടർ, മൈനിംഗ് & ജിയോളജി വകുപ്പ്, തിരുവനന്തപുരം.

ജില്ലാ ജിയോളജിസ്റ്റ്, കാസർഗോഡ്.

വിവര പൊതുജനസമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Sachin V R
സെക്ഷൻ ഓഫീസർ
Date: 27-03-2025 11:39:43